വി(3) 10118/2024

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
തിരുവനന്തപുരം-695 014, തീയതി. 12.12.2024

Website:www.cooperation.kerala.gov.in
e-mail: keralarcs@coop.kerala.gov.in
ഫോൺ നമ്പർ. 0471-2330825, 2331992

**സർക്കുലർ നം:- 28/2024**

**വിഷയം:- സഹകരണ വകുപ്പ്- വിജിലൻസ് - സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളിൽമേലുള്ള അന്വേഷണം- സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്**

**സൂചന:- 1. 02.02.2008 ലെ ജി.ഒ(എം.എസ്) 41/08/സഹ. നമ്പർ സർക്കാർ ഉത്തരവ്.**
**2. 11.03.2008-ലെ ജി.ഒ(ആർ.റ്റി) നമ്പർ 1958/2008/ജി.എ.ഡി-നമ്പർ സർക്കാർ ഉത്തരവ്.**
**3. സഹകരണ സംഘം രജിസ്ട്രാറുടെ 31/2018 നമ്പർ സർക്കുലർ.**

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ പണാപഹരണം, സാമ്പത്തിക ക്രമക്കേടുകൾ, അഴിമതികൾ മറ്റ് ഗുരുതരമായ ക്രമക്കേടുകൾ എന്നിവയിന്മേൽ അന്വേഷണം നടത്തുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ കേരള സംസ്ഥാനം മുഴുവൻ അധികാര പരിധിയോട് കൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഡി.ഐ.ജി) റാങ്കിലുള്ള ഉദ്യോഗസ്ഥനെ സഹകരണ വിജിലൻസ് ആഫീസറായി നിയമിച്ചുകൊണ്ടും, ടിയാന്റെ കീഴിൽ ഓരോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾക്കായി ആലപ്പുഴ ദക്ഷിണ മേഖല ആഫീസും, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകൾക്കായി തൃശ്ശൂർ മധ്യമേഖല ആഫീസും, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി കണ്ണൂർ ഉത്തരമേഖല ആഫീസും പ്രവർത്തിച്ചുവരുന്നു.

കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023 ന്റെ പശ്ചാത്തലത്തിലും സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സൂചന (3) പ്രകാരം പുറപ്പെടുവിച്ചിരുന്ന സർക്കുലർ നിർദ്ദേശങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചുവടെ പറയുന്ന പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന പരാതികളിൻമേൽ രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന കേസുകളിൽ സഹകരണ വിജിലൻസ് അന്വേഷണം നടത്തേണ്ടതാണ്.

2) കേരള സഹകരണ സംഘം നിയമം വകുപ്പ് 63(10)-ലെ വ്യവസ്ഥ പ്രകാരമുള്ള സ്പെഷ്യൽ റിപ്പോർട്ടിന്മേൽ രജിസ്ട്രാർ നേരിട്ടോ സഹകരണ ആഡിറ്റ് ഡയറക്ടർ രജിസ്ട്രാറുമായി കൂടിയാലോചിച്ചു കൊണ്ടോ അന്വേഷണ വിചാരണക്കായി നൽകുന്ന പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സഹകരണ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

3) കേരള സഹകരണ സംഘം നിയമം വകുപ്പ് 64(1എ)-ലെ വ്യവസ്ഥ പ്രകാരമുള്ള ഓഡിറ്റിൽ സിസ്റ്റത്തിലുള്ള കൃത്രിമങ്ങൾ സംബന്ധിച്ച് രജിസ്ട്രാർ നേരിട്ടോ സഹകരണ ആഡിറ്റ് ഡയറക്ടർ രജിസ്ട്രാറുമായി കൂടിയാലോചിച്ചു കൊണ്ടോ അന്വേഷണ വിചാരണക്കായി നൽകുന്ന പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സഹകരണ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

4) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് വേളയിൽ ഏതെങ്കിലും വ്യക്തി സംഘത്തിന് ഉണ്ടാക്കിയിട്ടുള്ള നാശനഷ്ടങ്ങളിന്മേലുള്ള നിയമനടപടികളിൽ നിന്ന് ഒഴിവാകുന്നതിലേക്ക് രേഖകളോ റിക്കാർഡുകളോ നശിപ്പിക്കുന്നതിനോ തിരുത്തുന്നതിനോ ശ്രമിച്ചുവെന്ന് ഓഡിറ്റർക്ക് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത വിവരം തന്റെ നിയന്ത്രണ ഉദ്യോഗസ്ഥനെ അറിയിക്കുകയും നിയന്ത്രണ ഉദ്യോഗസ്ഥൻ അനുബന്ധം D മാതൃകയിലുള്ള പ്രഥമ വിവര റിപ്പോർട്ട് (FIR) സഹിതമുള്ള വിശദമായ റിപ്പോർട്ട് സഹകരണ വിജിലൻസ് അന്വേഷണത്തിനായി സഹകരണ വിജിലൻസിന് 15 ദിവസത്തിനുള്ളിൽ സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം കൈമാറേണ്ടതാണ്.

5) കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം നടത്തുന്ന അന്വേഷണ വിചാരണയിൽ വകുപ്പ് 94 പ്രകാരമുള്ള ഏതെങ്കിലും കുറ്റകൃത്യം വെളിവാക്കപ്പെടുന്ന പക്ഷം അനുബന്ധം D മാതൃകയിലുള്ള പ്രഥമ വിവര റിപ്പോർട്ട് (FIR) സഹിതമുള്ള വിശദമായ റിപ്പോർട്ട് സഹകരണ വിജിലൻസ് അന്വേഷണത്തിനായി സഹകരണ വിജിലൻസിന് 15 ദിവസത്തിനുള്ളിൽ സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം കൈമാറേണ്ടതാണ്.

6) സഹകരണ വിജിലൻസ് ആഫീസുകളിൽ ലഭിക്കുന്ന പരാതികളിൽ സഹകരണ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി 90 ദിവസത്തിനകം റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

7) സഹകരണ വിജിലൻസ് ആഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 68(1) പ്രകാരമുള്ള തുടർ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

8) സഹകരണ സ്ഥാപനങ്ങളിലെ ധനാപഹരണം, അഴിമതി, മറ്റ് ഗുരുതരമായ ക്രമക്കേടുകൾ ആരോപിച്ച് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർമാർക്കും ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും ലഭിക്കുന്ന പരാതികളിൻമേൽ വിജിലൻസ് ആഫീസർ മുഖാന്തിരം അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കാണുന്ന പക്ഷം അനുബന്ധം D

മാതൃകയിലുള്ള First Information Report (FIR) സഹിതമുള്ള വിശദമായ റിപ്പോർട്ട് ഉചിതമാർഗ്ഗേണ സഹകരണ സംഘം രജിസ്ട്രാർക്ക് 15 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരമുള്ള പ്രഥമ വിവര റിപ്പോർട്ട് (FIR) തയ്യാറാക്കുന്നതിനായി ജില്ല ജോയിന്റ് രജിസ്ട്രാർമാർ ജോയിന്റ് ഡയറക്ടർമാരുമായി കൂടിയാലോചിച്ച് സഹകരണ നിയമത്തിലും ചട്ടങ്ങളിലും സഹകരണ ആഡിറ്റിലും മികവ് തെളിയിച്ച രണ്ട് ഇൻസ്പെക്ടർമാരും രണ്ട് ഓഡിറ്റർമാരും ഉൾപ്പെട്ട ഒരു സ്ഥിരം ടീം ജില്ല തലത്തിൽ രൂപീകരിക്കേണ്ടതും പ്രസ്തുത ടീമിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നതിനുള്ള നടപടികൾ ജോയിന്റ് രജിസ്ട്രാർമാർ ജോയിന്റ് ഡയറക്ടർമാരുമായി കൂടിയാലോചിച്ച് സ്വീകരിക്കേണ്ടതുമാണ്. സഹകരണ സംഘം രജിസ്ട്രാർ ആഫീസുകളിൽ ലഭിക്കുന്ന പരാതികളിൽ സഹകരണ വിജിലൻസ് അന്വേഷണം അനിവാര്യമാണെന്ന് കാണുന്ന പക്ഷം ബന്ധപ്പെട്ട ഭരണ വിഭാഗം സെക്ഷനുകൾ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ തലത്തിലുള്ള ടീം മുഖാന്തിരം പ്രാഥമിക പരിശോധന നടത്തി FIR തയ്യാറാക്കി വിജിലൻസ് അന്വേഷണത്തിനായി പരാതി വിജിലൻസ് സെക്ഷന് കൈമാറേണ്ടതാണ്. അപ്പക്സ് ഫെഡറേഷനുകളുടെ കാര്യത്തിൽ ഫെഡറേഷന്റെ ആസ്ഥാന ആഫീസ് സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജോയിന്റ് രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ടീം മുഖാന്തിരം പ്രഥമ വിവര റിപ്പോർട്ട് (FIR) തയ്യാറാക്കാവുന്നതാണ്.

9) വ്യക്തമായ പേരും മേൽ വിലാസവും ഒപ്പം ഇല്ലാത്തതോ ആരോപണങ്ങൾക്ക് ഉപോത്ബലകമായ തെളിവുകൾ ഉൾക്കൊള്ളിക്കാത്തതോ ആയ പരാതികൾ ലഭിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ഭരണ വിഭാഗം സെക്ഷനുകൾ ആയത് പരിശോധിച്ച് അപ്രകാരമുള്ള പരാതിയിൽ എന്തെങ്കിലും അടിസ്ഥാനമുള്ളതായി കണ്ടെത്തുകയും ആയത് വളരെ ഗൗരവ സ്വഭാവമുള്ളതും വകുപ്പുതലത്തിലുള്ള അന്വേഷണം കൊണ്ട് യഥാർത്ഥ വസ്തുതകൾ പൂർണ്ണമായി തെളിയിക്കാൻ കഴിയില്ലെന്നും, വിജിലൻസ് ആഫീസർ മുഖേന അന്വേഷണം നടത്തുന്നതാണ് ഉചിതമെന്നും ബോദ്ധ്യപ്പെട്ടാൽ മാത്രം വിജിലൻസ് സെക്ഷൻ മുഖേന സഹകരണ വിജിലൻസ് അന്വേഷണം നടത്തുന്നതിന് FIR സഹിതം പരാതി കൈമാറാവുന്നതാണ്.

10) സഹകരണ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശുപാർശപ്രകാരമുള്ള തുടർനടപടികൾ അല്ലാതെ മറ്റ് യാതൊരു വിധ വകുപ്പുതല തുടർ അന്വേഷണങ്ങളും പ്രസ്തുത വിഷയത്തിൽ ഒരേ സമയം പാടുള്ളതല്ല.

11) സഹകരണ വിജിലൻസ് ആഫീസർ അന്വേഷണത്തിന്റെ ഭാഗമായി വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം പ്രത്യേകമായി ആവശ്യപ്പെടുന്ന പക്ഷം നിയന്ത്രണ ഉദ്യോഗസ്ഥൻ അപ്രകാരമുള്ള അനുമതി നൽകേണ്ടതാണ്.

12) സഹകരണ വിജിലൻസ് ആഫീസർക്ക് അന്വേഷണത്തിന് കൈമാറുന്ന കേസുകളെ സംബന്ധിച്ച വിവരം താലൂക്ക്-ജില്ലാ ആഫീസുകളിലും ആഡിറ്റ്

ഡയറക്ടേറ്റിലും സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഭരണ വിഭാഗം സെക്ഷനുകളിലും അനുബന്ധം- 'A' യിലും സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ വിജിലൻസ് സെക്ഷനിൽ അനുബന്ധം 'B' യിലും സഹകരണ വിജിലൻസ് ആഫീസിൽ അനുബന്ധം 'C' യിലും സൂക്ഷിക്കേണ്ടതാണ്.

13) വിജിലൻസ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അന്വേഷണ റിപ്പോർട്ട് സഹകരണസംഘം രജിസ്ട്രാറുടെ ഓഫീസിലുള്ള വിജിലൻസ് വിഭാഗം കൈപ്പറ്റിയതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വിഭാഗം സെക്ഷനുകൾക്ക് കൈമാറേണ്ടതാണ്. ടി സെക്ഷനുകളിൽ നിന്നും അന്വേഷണ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ നിയമാനുസൃത തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതും സ്വീകരിക്കുന്ന നടപടികൾ യഥാസമയം വിജിലൻസ് സെക്ഷനെ അറിയിക്കേണ്ടതുമാണ്.

Dr. D SAJITH BABU IAS
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ് :**

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ /ജോയിന്റ് ഡയറക്ടർമാർ
3. സഹകരണ വിജിലൻസ് ഓഫീസർ, ജവഹർ സഹകരണ ഭവൻ, തിരുവനന്തപുരം.
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാർ
5. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.
6. ഈ ആഫീസിലെ എല്ലാ സെക്ഷനുകൾക്കും.
7. സർക്കുലർ ബുക്ക്.
8. എല്ലാ സഹകരണ പ്രസിദ്ധീകരണങ്ങൾക്കും.
9. എഡിറ്റർ, സഹകരണ വീഥി.
10. ഫയൽ.
11. സ്റ്റോക്ക് ഫയൽ.
12. സ്പെയർ.

**// ആജ്ഞാനുസരണം //**

**ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)**

## അനുബന്ധം എ

**സഹകരണ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്ത് സമർപ്പിക്കുന്ന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഭരണ വിഭാഗം സെക്ഷനുകൾ, ആഡിറ്റ് ഡയറക്ടർ / ജോയിന്റ് രജിസ്ട്രാർ /ജോയിന്റ് ഡയറക്ടർ / അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ ആഫീസുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക.**

| | |
|---|---|
| ക്രമനമ്പർ | |
| ഫയൽ നമ്പർ | |
| പരാതിക്കാരന്റെ പേരും മേൽവിലാസവും | |
| പരാതി ലഭിച്ച തീയതി | |
| സംഘത്തിന്റെ പേരും മേൽവിലാസവും | |
| ആഡിറ്റിലോ അന്വേഷണത്തിലോ പ്രാഥമിക പരിശോധയിലോ കണ്ടെത്തിയ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ | |
| സഹകരണ വിജിലൻസ് അന്വേഷണത്തിനുള്ള ശുപാർശ ഏത് തീയതിയിൽ ആർക്ക് നൽകി എന്നത് സംബന്ധിച്ച വിവരങ്ങൾ | |
| സഹകരണ വിജിലൻസ് അന്വേഷണത്തിനായി പ്രഥമ വിവര റിപ്പോർട്ട് (FIR) തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ | |
| സഹകരണ വിജിലൻസ് അന്വേഷണ റിപ്പോർട്ടുകളിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനായി അന്വേഷണ റിപ്പോർട്ട് | |

| | |
|---|---|
| ആഫീസിൽ ലഭിച്ച തീയതിയും അന്വേഷണ റിപ്പോർട്ടിന്റെ നമ്പരും | |
| അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ | |
| അന്വേഷണ റിപ്പോർട്ടിലെ ഏതെങ്കിലും ശുപാർശകൾ നടപ്പിലാക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണവും പ്രസ്തുത വിവരം ബന്ധപ്പെട്ട മേലധികാരിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരങ്ങളും | |
| അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മേലധികാരിയിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളും ആയത് നടപ്പിലാക്കിയോ എന്നത് സംബന്ധിച്ചുമുള്ള വിവരങ്ങളും | |
| മറ്റ് അനുബന്ധ വിവരങ്ങൾ | |

## അനുബന്ധം ബി

## സഹകരണ വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ വിജിലൻസ് സെക്ഷനിൽ സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക.

| | |
|---|---|
| ക്രമനമ്പർ | |
| സഹകരണ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്ത് ബന്ധപ്പെട്ട ഭരണ വിഭാഗം സെക്ഷനിൽ നിന്ന് വിജിലൻസ് സെക്ഷനിൽ ലഭിച്ച റിപ്പോർട്ടിന്റെ നമ്പരും തീയതിയും | |
| ടി വിഷയത്തിൽ വിജിലൻസ് സെക്ഷനിലെ ഫയൽ നമ്പർ | |
| പരാതിക്കാരന്റെ പേരും മേൽവിലാസവും | |
| പരാതിയിലെ ആരോപണങ്ങളുടെ സംഗ്രഹം/ അന്വേഷണ/പരിശോധ റിപ്പോർട്ടിലെ കണ്ടെത്തലുകൾ | |
| സഹകരണ വിജിലൻസിനെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയ കത്തിന്റെ നമ്പരും തീയതിയും | |
| സഹകരണ വിജിലൻസ് അന്വേഷണത്തിനായി പ്രഥമ വിവര റിപ്പോർട്ട് (FIR) തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ | |
| അന്വേഷണ റിപ്പോർട്ട് ആഫീസിൽ ലഭിച്ച | |

| | |
|---|---|
| തീയതിയും അന്വേഷണ റിപ്പോർട്ടിന്റെ നമ്പരും | |
| അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ | |
| സഹകരണ വിജിലൻസ് അന്വേഷണ റിപ്പോർട്ടുകളിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വിഭാഗം സെക്ഷന് റിപ്പോർട്ട് കൈമാറിയ കത്തിന്റെ നമ്പരും തീയതിയും. | |
| അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ ബന്ധപ്പെട്ട അധികാരികൾ നടപ്പിലാക്കിയോ എന്നത് സംബന്ധിച്ച വിവരങ്ങൾ | |
| അന്വേഷണ റിപ്പോർട്ടിലെ ഏതെങ്കിലും ശുപാർശകൾ നടപ്പിലാക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം | |
| അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും മറ്റ് അഫീസുകൾക്ക് നൽകിയിട്ടുള്ള തുടർ നിർദ്ദേശങ്ങളും ആയത് നടപ്പിലാക്കിയോ എന്നത് സംബന്ധിച്ചുമുള്ള വിവരങ്ങളും | |
| മറ്റ് അനുബന്ധ വിവരങ്ങൾ | |

## അനുബന്ധം സി

## സഹകരണ വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് സഹകരണ വിജിലൻസ് ആഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക.

| | |
|---|---|
| ക്രമനമ്പർ | |
| സഹകരണ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്ത് സഹകരണ സംഘം രജിസ്ട്രാർ / ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്റെ നമ്പരും തീയതിയും | |
| ടി വിഷയത്തിൽ വിജിലൻസ് ആഫീസിൽ ആരംഭിച്ച ഫയൽ നമ്പർ | |
| പരാതിക്കാരന്റെ പേരും മേൽവിലാസവും | |
| പരാതിയിലെ ആരോപണങ്ങളുടെ സംഗ്രഹം/ അന്വേഷണ/പരിശോധ റിപ്പോർട്ടിലെ കണ്ടെത്തലുകൾ | |
| സഹകരണ വിജിലൻസ് അന്വേഷണത്തിനായി പ്രഥമ വിവര റിപ്പോർട്ട് (FIR) ലഭ്യമായിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരം | |
| സഹകരണ വിജിലൻസ് ആഫീസർ മേഖല ആഫീസുകളിലെ ഡിവൈഎസ്പിമാരെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയ കത്തിന്റെ നമ്പരും തീയതിയും | |
| മേഖല ആഫീസിൽ നിന്നുള്ള അന്വേഷണ റിപ്പോർട്ട് സഹകരണ | |

| | |
|---|---|
| വിജിലൻസ് ആഫീസിൽ ലഭിച്ച തീയതിയും അന്വേഷണ റിപ്പോർട്ടിന്റെ നമ്പരും | |
| മേഖല ആഫീസിൽ നിന്ന് ലഭിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ വിജിലൻസ് ആഫീസറുടെ കണ്ടെത്തലുകളും ശുപാർശകളും | |
| സഹകരണ വിജിലൻസ് അന്വേഷണ റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച തീയതിയും അന്വേഷണ റിപ്പോർട്ടിന്റെ നമ്പരും | |
| സഹകരണ വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും മറ്റ് ആഫീസുകളിൽ നിന്നും ലഭിച്ചിട്ടുള്ള തുടർ നിർദ്ദേശങ്ങളും ആയത് നടപ്പിലാക്കിയോ എന്നത് സംബന്ധിച്ചുമുള്ള വിവരങ്ങളും | |
| മറ്റ് അനുബന്ധ വിവരങ്ങൾ | |

## അനുബന്ധം ഡി

## സഹകരണ വിജിലൻസ് അന്വേഷണത്തിനായി സമർപ്പിക്കുന്ന റിപ്പോർട്ടിനൊപ്പം ഉൾപ്പെടുത്തേണ്ട പ്രഥമ വിവര റിപ്പോർട്ട് (FIR)

1. പരാതിക്കാരന്റെ പേരും മേൽവിലാസവും

2. സംഘത്തിന്റെ അടിസ്ഥാന വിവരങ്ങൾ

(1) സംഘത്തിന്റെ പൂർണ്ണമായ മേൽവിലാസം ( ഫോൺ നമ്പർ, ഇ-മെയിൽ വിലാസം ഉൾപ്പെടെ)

(2) സംഘത്തിന്റെ പ്രവർത്തന പരിധി

(3)കേരള സഹകരണ സംഘം ചട്ടം 15 പ്രകാരം സംഘം ഏത് വിഭാഗത്തിൽ പെടുന്നു

(4)നിയന്ത്രണ ഉദ്യോഗസ്ഥൻ ( സഹകരണ സംഘം രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ഫംഗ്ഷണൽ രജിസ്ട്രാർ)

(5) സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ പേരും മേൽവിലാസവും (ഫോൺ നമ്പർ, ഇ-മെയിൽ വിലാസം ഉൾപ്പെടെ)

3. പ്രാഥമിക പരിശോധയിൽ കണ്ടെത്തിയ വിവരങ്ങൾ

(1) കുറ്റകൃത്യത്തിന്റെ സ്വാഭാവം (ഏത് രീതിയിലുള്ള കുറ്റം)

(2) അപഹരിക്കപ്പെട്ട തുക (അക്കത്തിലും അക്ഷരത്തിലും)

(3)കുറ്റകൃത്യം നടത്തിയ വ്യക്തികളുടെ പേരും മേൽവിലാസവും, വീട്ട് മേൽവിലാസം (ഫോൺ നമ്പർ, ഇ-മെയിൽ വിലാസം ഉൾപ്പെടെ)

(4) ഏതു സാഹചര്യത്തിൽ ടി കുറ്റകൃത്യം കണ്ടുപിടിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ

(5) കുറ്റകൃത്യം കണ്ടുപിടിച്ച ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, മേൽവിലാസം

(6) കുറ്റകൃത്യം ആദ്യമായി കണ്ടുപിടിച്ച തീയതി

(7) കുറ്റകൃത്യത്തിന്റെ സ്വഭാവവും IPC യുടേയും മറ്റ് ക്രിമിനൽ നിയമങ്ങളുടേയും ഏതെല്ലാം വകുപ്പുകൾ പ്രകാരം കുറ്റം ചെയ്ത വ്യക്തിയെ പ്രോസിക്യൂട്ട് ചെയ്യാം എന്നത്

(8) കുറ്റകൃത്യം ചെയ്തവരെ പ്രോസിക്യൂട്ട് ചെയ്യാൻ ഉടനെ ലഭ്യമാകുന്ന രേഖാമൂലമുള്ള തെളിവുകളും വാമൊഴികൾ മറ്റ് സഹായക തെളിവുകൾ എന്നിവയുടെ വിവരം

(9) സഹകരണ സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയുടെ സംക്ഷിപ്ത വിവരണം (സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ദിനം, സംഘത്തിന്റെ പ്രധാന ഉദ്ദേശങ്ങൾ, അംഗത്വം, റിപ്പോർട്ട് വർഷം, അറ്റലാഭം/നഷ്ടം, ടി വർഷത്തെ ബാക്കി പത്രം, കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകളുടെ പട്ടിക എന്നിവ)

(10) കുറ്റകൃത്യം നടത്തിയ വ്യക്തിക്കെതിരെ ബന്ധപ്പെട്ട സഹകരണ സംഘം സ്വീകരിച്ച നടപടിയുടെ സംക്ഷിപ്തം, നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം, കുറ്റക്കാരനെ പ്രോസിക്യൂട്ട് ചെയ്യുന്നതിനു സഹായകരമായ വസ്തുതകൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം.

**അന്വേഷണ ടീമിലെ ഇൻസ്പെക്ടർമാരുടെ**

**ഓഡിറ്റർമാരുടെ പേരും പെൻ നമ്പറും ഒപ്പം**

**സ്ഥലം,**

**തിയതി.**